# ACADEMIC MASTERPLAN
# 2025-26

# C.B.H.S.S. VALLIKUNNU
# MALAPPURAM



# ആമുഖം

1976ൽ ആരംഭിച്ച സിബിഎച്ച്എസ്എസ് വള്ളിക്കുന്ന് ആൻഡ് സക്സിഡ് എന്ന മുദ്രാവാക്യത്തിന്റെ കീഴിലായി മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ ഒരു ഉജ്ജ്വല വിദ്യാഭ്യാസ കേന്ദ്രമായി സ്ഥിതി ചെയ്യുന്നു ചന്ദ്രൻ ബ്രദേഴ്സ് ഹയർ സെക്കൻഡറി സ്കൂൾ എന്നാണ് വിദ്യാലയത്തിന്റെ ഔദ്യോഗിക പേര് പൊതുവിദ്യാലയങ്ങളുടെ സവിശേഷമായ മുന്നേറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സുവർണ്ണ ജൂബിലിയുടെ ആഘോഷ നിറവിൽ കൂടിയാണ് സിബിഎച്ച്എസ്എസ് ഇപ്പോൾ സംസ്ഥാന വിദ്യാഭ്യാസ ബോർഡിൻറെ മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള പഠന രീതി നിർണയിച്ചുകൊണ്ട് എട്ടു മുതൽ 12 വരെയുള്ള ക്ലാസുകൾ ഇവിടെ പ്രവർത്തിക്കുന്നു

സിബിഎച്ച്എസ്എസ് വള്ളിക്കുന്ന് ഇന്ന് ആധികാരികവും സമഗ്രവുമായ അധ്യാപനത്തിനും സഹ അധ്യായത്തിനും അനുയോജ്യമായ അന്തരീക്ഷം ഒരുക്കുന്നതിൽ സജീവമാണ് അക്കാദമിക സാംസ്കാരിക ക്ലബ്ബ് കലാകായിക രംഗങ്ങളിലെ മികവ് എന്ന മഹത്തായ സമന്വയമാണ് ഈ സ്കൂളിൻറെ പ്രത്യേകത അതുകൊണ്ട് തന്നെ ക്ഷീണിത ഇല്ലാത്ത സമഗ്ര വിദ്യാഭ്യാസ സ്ഥാപനമായി മാറുവാൻ സാധിച്ചിട്ടുണ്ട് 200ലധികം വിദ്യാർത്ഥികളും മികച്ച വിദ്യ പരിസരവും സാങ്കേതിക കടൽ ഇന്നവേഷൻ സാമൂഹിക പ്രശ്നപരിഹാര ക്ലാസ് പരിപാടിക്കും ദേശീയ സംസ്ഥാനതലത്തിലെ സ്പോർട്സ് നേട്ടങ്ങളും കലാരംഗത്തെ തുടർച്ചയായ വിജയ് കൊയ്ത്തും ഇത് തെളിയിക്കുന്നു.

ദേശീയ സംസ്ഥാന അധ്യാപക അവാർഡ് പ്രഥമ ഗുരുശ്രേഷ്ഠ പുരസ്കാരവും സ്കൂളിൻറെ കൈകളിൽ ഭദ്രമായിനിലകൊള്ളുന്നു

## അക്കാദമിക വിജയത്തിൻറെ പ്രകാശരക്തമായ കാഴ്ച

അധ്യാപകരുടെ ആത്മാർത്ഥതയും വിഷയപരമായ നിർദിഷ്ടതയും വിദ്യാർത്ഥികളിൽ ആത്മവിശ്വാസം വളർത്താൻ സ്വീകരിച്ച വ്യക്തിഗത പിന്തുടരൽ പദ്ധതികളുടെയും ഫലമായി എസ്എസ്എൽസി പരീക്ഷയിൽ അസാധാരണമായ ഒരു അക്കാദമിക നേട്ടവും 99.8 3% വിജയത്തോടെ പരപ്പനങ്ങാടി ഉപജില്ലയിൽ ഏറ്റവും കൂടുതൽ ഫുൾ എ പ്ലസ് നേടുന്ന വിദ്യാലയമായി മാറാനും കഴിഞ്ഞു വിദ്യാർത്ഥികളും അധ്യാപകരും ചേർന്നുണ്ടാക്കിയ വിജയം അറിവിന്റെയും ശ്രമത്തിന്റെയും കഠിന പ്രവർത്തിയുടെയും മികച്ച മാതൃകയാണ് അധ്യായത്തിന്റെയും കൃത്യമായ പരിശീലനത്തിന്റെയും പശ്ചാത്തലത്തിൽ ലഭിച്ച ഈ വിജയം സിബിഎസ്സിന്റെ ഗ്രൗ ഗൗരവമുള്ള വിദ്യാഭ്യാസ ദൗത്യത്തെഉദാഹരിക്കുന്നു.

സിബിഎസ് സ്കൂൾ കരിച്ച ഈ നേട്ടത്തിന്റെ ഉറവിടം പാഠ്യപരമായ പാകപ്പെട്ട തയ്യാറെടുപ്പാണ് ഓരോ വിദ്യാലയത്തിലും പ്രത്യേകം ശ്രദ്ധ നവീന പാടിയ പദ്ധതികൾ വിശകലനപരമായ പഠന രീതികൾ സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്നു കൊണ്ടുള്ള കോർണർ ക്ലാസുകൾ വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾ മാത്രമല്ല സമീപപ്രദേശങ്ങളിലെ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള തായിരുന്നു.

2024 നടന്ന പരീക്ഷയിലെ വിജയവും അക്കാദമിക മികവിന്റെ അംഗീകാരമാണ് കൂടാതെ എസ്പിസി സ്കൗട്ട് ആൻഡ് ജെ ആർ സി ലെറ്റിൽസ് എൻഎസ്എസ് തുടങ്ങിയ സംഘടനകളുടെ വിദ്യാർഥികളുടെ മൂല്യബോധവും പ്രവർത്തന ശീലങ്ങളും സാമൂഹിക ഉത്തരവാദിത്വങ്ങളും വളർത്താൻ സഹായിക്കുന്നു വിദ്യാഭ്യാസം വിജയം നേടാൻ മാത്രമല്ല സമൂഹത്തെ മാറ്റാൻ കഴിയുന്നവരെ സൃഷ്ടിക്കാൻകൂടിയാണ്.

## അക്കാദമിക പരിമിതികൾ

വിജയങ്ങൾ മാത്രമല്ല തിരിച്ചറിവും അഭിമുഖീകരിക്കലും ആണ് ഒരു

വിദ്യാലയത്തെ സമ്പൂർണ്ണമാക്കുന്നത് സ്കൂൾ വിവിധ മേഖലകളിൽ ഉണ്ടാക്കിയ ഗണ്യമായ നേട്ടങ്ങൾ അഭിമാനകരം ആണെങ്കിലും അക്കാദമിക പരിമിതികൾ നിരീക്ഷിക്കുകയും അതിൻറെ അടിസ്ഥാനത്തിൽ ഭാവിയിലേക്കുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു

1. വ്യക്തിഗത പഠന വൈകല്യങ്ങളിലേക്കുള്ള പരിഗണനയും കുറവും
2. ഭാഷാപരമായ വെല്ലുവിളികൾ
3. അധ്യാപക പരിശീലന പരിമിതികൾ
4. സാങ്കേതിക സൗകര്യങ്ങൾ ഉണ്ടായിരിക്കുന്ന പരിമിതികൾ

തുടങ്ങിയ പരിമിതികളെ ഉൾക്കൊണ്ടുകൊണ്ട് അവയെ മറികടക്കുന്ന പ്രവർത്തനങ്ങൾനടത്തിവരുന്നു.

## ഭൗതിക നേട്ടങ്ങൾ

സ്കൂളിൻറെ ഭൗതിക നേട്ടങ്ങളും ശ്രദ്ധേയമാണ് പഠന മേഖലയിലൂടെ മുന്നേറ്റത്തിന് അനുകൂലമായ അന്തരീക്ഷം ഒരുക്കാൻ വേണ്ടിയുള്ള അടിസ്ഥാന സൗകര്യ വികസനം ശ്രദ്ധേയമാണ്.

* സ്കൂൾ മുറ്റവും ക്ലാസ് മുറികളും ടൈൽസ് വിരിച്ച് നവീകരിച്ചു

* പൊതു വായനാസ്വദനത്തിനു വേണ്ടി കുട്ടികൾക്ക് ലൈബ്രറിയും റീഡിങ് കോർണറും ഒരുക്കിയിട്ടുണ്ട്.

* വിദ്യാർത്ഥികൾക്ക് പ്രകൃതിയോട് ഇണങ്ങിയുള്ള പഠനം ഉറപ്പാക്കുന്നതിന് ആരംഭിച്ചു.

* പെൺകുട്ടികൾക്കായി പ്രത്യേക ശുചിമറികളും സൗജന്യ സംവിധാനവും സ്ഥാപിച്ചു

* വിദ്യാർത്ഥികൾക്ക് ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ വിശ്രമിക്കാനുള്ള വിശ്രമം മുറിയും ഒരുക്കിയിട്ടുണ്ട്.

* പൂർണ്ണമായും ടൈൽസ് വിവരിച്ച വിശാലമായ ഓപ്പൺ ഓഡിറ്റോറിയവും മൾട്ടിമീഡിയ തീയേറ്ററും മികവിന്റെ മാതൃകകളാണ്

* റോബോട്ടിക് കിറ്റുകൾ സെൻസറുകൾ ഉൾപ്പെടെ സജ്ജീകരിച്ച സ്കൂളിൻറെപ്രത്യേകതയാണ്.

## ഭൗതികം

### പരിമിതികൾ

സ്കൂളിന്റെ ഭൗതിക നേട്ടങ്ങളോടൊപ്പം ഭൗതിക പരിമിതികളും സ്കൂൾ അഭിമുഖീകരിക്കുന്നുണ്ട് ലൈബ്രറി ഐടി സൗകര്യം തുടങ്ങിയവയുടെ പ്രവർത്തനങ്ങളിൽ ഭൗതികപരമായ പരിമിതികൾ നേരിടുന്നുണ്ട്.

ലൈബ്രറിയിൽ പതിനായിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും കുട്ടികൾക്കുള്ള ആകർഷണീയമായ വായന ഇടങ്ങൾ കുറവാണ് കൂടുതൽ വിപുലമായ ഡിജിറ്റൽ ലൈബ്രറിയാണ് വിദ്യാലയത്തിന്റെ ലക്ഷ്യം

ഐടി ലാബ് ഉപകരണങ്ങളുടെ പരിമിതികളും സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ് മുഴുവൻ കുട്ടികൾക്കും ഉപയോഗിക്കാൻ കഴിയുന്നത്ര കമ്പ്യൂട്ടറുകളുടെ എണ്ണം ലഭ്യമല്ല

എടിഎൽ പ്രവർത്തനങ്ങൾ ആരംഭിച്ച എങ്കിലും അതിൻറെ സമഗ്ര ഉപയോഗം ഇപ്പോഴും വളരെ കുറഞ്ഞ കുട്ടികൾക്ക് മാത്രമാണ് പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവവും എടിഎൽ കിറ്റുകളുടെ അഭാവവും പ്രധാന പ്രശ്നമാണ്

ശുചിമുറികൾ നവീകരിച്ചെങ്കിലും പെൺകുട്ടികൾക്കായി സാനിറ്ററി വെൽഡിങ് മെഷീൻ അവയുടെ മേലനൻസ് എന്നിവയും സ്ഥിരതയില്ല

വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും ഇൻഡോർ സ്റ്റേഡിയം ഒരു സ്വപ്നമായി നിലനിൽക്കുന്നു

ക്ലാസ് മുറികൾ മുഴുവനും ഹൈടെക് സ്മാർട്ട് റൂമുകൾ ആയി നവീകരിച്ചെങ്കിലും വൈദ്യുതി വിതരണം പ്രധാന പ്രശ്നമാണ് സോളാർ പാനലുകളാണ് സ്കൂളിൻറെലക്ഷ്യം

സാമൂഹിക നേട്ടങ്ങൾ വിവിധ സംഘടനകളുടെ പ്രവർത്തനം സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിന് ഏറെ സഹായകമായി എസ്പിസി ജെ ആർ സി സ്കൗട്ട് ആൻഡ് ഗൈഡ്സ് തുടങ്ങിയ ക്ലബ്ബുകളെ

ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾക്കാണ് കൂടുതൽ പ്രാമുഖ്യം നൽകിയത് സാമൂഹ്യ ശുചിത്വം ട്രാഫിക് നിയന്ത്രണം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാൻ പാലിയേറ്റീവ് കെയർ സന്ദർശനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായിനടന്നുവരുന്നു

## സ്കൂൾ മാസ്റ്റർ പ്ലാൻ 20025 26

പൊതു വിദ്യാലയങ്ങളുടെ സവിശേഷമായ മുന്നേറ്റത്തിന്റെ ദിശയിലാണ് സിബി ഹയർ സെക്കൻഡറി സ്കൂൾ ഉള്ളത് സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ധാരാളം കുട്ടികൾ പഠിക്കുന്നുണ്ട് എങ്കിലും ഈ അവസ്ഥകളെ അതിജീവിക്കാൻ സവിശേഷമായ ശ്രദ്ധയും കൂട്ടായ്മയും കൊണ്ട് കഴിയുന്നുണ്ട് കുട്ടികൾ 8 9 10 11 12 ഡിവിഷനുകളിലായി പഠിക്കുന്നു സ്ഥിരം അധ്യാപകരാണ് ഈ വിദ്യാലയത്തിൽ ഉള്ളത് അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ പരാധീനതകൾ ഒട്ടും ഇല്ലാത്ത ഒരു വിദ്യാലയമാണിത്

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് വിവിധ പഠന ഗ്രൂപ്പുകളായി മാറിയാണ് 2025 26 വർഷത്തെ അക്കാദമിക പ്ലാൻ നടപ്പാക്കുന്നത് ആസൂത്രണം നിർവഹണം അവലോകനം എന്നിവയെല്ലാം ഗ്രൂപ്പിൻറെ മേൽനോട്ടത്തിൽ തന്നെ നടക്കും മിഴിയോരം സർഗ്ഗസൃഷ്ടി വർണ്ണച്ചിറകുകൾ അകത്തോട്ട് ഗ്രീൻ ക്യാമ്പസ് എക്സലന്റ് കായിക പരിശീലനം പ്യൂപ്പിൾ ലൈബ്രറി അച്ചടക്കം വിമുക്തി എന്നിവയാണ് 11 പഠന ഗ്രൂപ്പുകൾ എല്ലാ ടീച്ചേഴ്സും ഈ ഗ്രൂപ്പുകളുടെ ഭാഗമാണ് കൺവീനർമാരെയും ഓരോ ഗ്രൂപ്പിനും ചുമതലപ്പെടുത്തിയിട്ടുണ്ട് ഗ്രൂപ്പ് തിരിച്ച് യോഗം ചേർന്നാണ് പദ്ധതികൾ രൂപപ്പെടുത്തിയത്.

## പൊതുലക്ഷ്യങ്ങൾ

സ്കൂളിൻറെ സമഗ്രവും സമ ദുരിതവുമായ വികസനമാണ് പ്രധാന ശ്രദ്ധ സ്കൂളിൽ നിലവിൽ നടത്തിയ വിജയകരമായ പദ്ധതികളുടെ ചുവടുപിടിച്ചാണ് ഈ പദ്ധതിയും രൂപകൽപ്പന ചെയ്തതും നടപ്പിലാക്കുന്നത്

### ലക്ഷ്യങ്ങൾ

❖ വിദ്യാഭ്യാസം ഉല്ലാസത്തിലൂടെ

❖ കുട്ടികൾക്ക് മാനസിക സമ്മർദ്ദം ലഘൂകരിക്കുന്ന വിവിധ പരിപാടികൾ

❖ എസ്എസ്എൽസി നൂറുശതമാനം വിജയം എ പ്ലസ് ആകെ വിജയത്തിൻറെ 25% എട്ടാം ക്ലാസ് കഴിയുന്നതോടെ വിവിധ ഭാഷാ വിഷയങ്ങളിൽ അടിസ്ഥാനപരമായ അറിവ് വായന എഴുത്ത് ഇല്ലാത്ത ആരും തന്നെ ഉണ്ടാവരുത്

### പ്രവർത്തനങ്ങൾ

❖ പഠനത്തിനിടയ്ക്ക് വിവിധ കലാപരിപാടി അവതരിപ്പിച്ചുകൊണ്ട് എസ്എസ്എൽസി നൈറ്റ് ക്യാമ്പ്

❖ പത്താം ക്ലാസിലെ സിലബസ് ഡിസംബർ അവസാനത്തോടെ തീർക്കുകയും ജനുവരി മുതൽ അടിസ്ഥാനത്തിൽ ക്ലാസ് തിരിച്ച് സ്പെഷ്യൽ ക്യാമ്പ്

❖ പിയർ ഗ്രൂപ്പ് ടീച്ചേഴ്സിനെ നേരിട്ടുള്ള ഇടപെടൽ എന്നിവയിലൂടെ അടിസ്ഥാന യോഗ്യതയില്ലാത്ത കുട്ടികൾക്ക് വേണ്ട പരിഹാരബോധനം

## മിഴിയോരം

### ലക്ഷ്യങ്ങൾ

❖ ഒരു രക്ഷിതാവ് രണ്ടു രക്ഷിതാവുമോ ഇല്ലാത്ത കുട്ടികൾക്ക് സവിശേഷ ശ്രദ്ധ നൽകാൻ ഉദ്ദേശിച്ചു കൊണ്ടുള്ള പരിപാടി

❖ കുട്ടികൾക്ക് എല്ലാ ജീവിത സാഹചര്യങ്ങളിലും മതിയായ സപ്പോർട്ട് നൽകി അവരെ ജീവിത വിജയം നേടാൻ പ്രാപ്തരാക്കുക

### പ്രവർത്തനങ്ങൾ

❖ തീരദേശത്തുനിന്ന് വരുന്ന കുട്ടികൾക്ക് ബുക്ക് കുട യൂണിഫോം എന്നിവ സൗജന്യം

❖ സാമ്പത്തിക പിന്നോക്കകർക്ക് അഡ്മിഷൻ സമയത്ത് എല്ലാ തരത്തിലുമുള്ള ഫീസ് ഇളവ്

❖ നിർധനരായ എല്ലാ വിദ്യാർത്ഥികൾക്കുംഓണക്കോടിനൽകൽ

❖ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കാൻ കുട്ടികളെ ദത്തെടുക്കൽ പദ്ധതി

❖ മരണം മാരക അസുഖം എന്നിവയ്ക്ക് അടിമ രക്ഷിതാവ് ഉള്ള വിദ്യാർത്ഥികൾക്ക് മാനസികവും സാമ്പത്തികവുമായ പിന്തുണ

## സർഗസൃഷ്ടി

### ലക്ഷ്യങ്ങൾ

❖ കുട്ടികളിലെ സർഗ്ഗവാസന വികസിപ്പിക്കുന്നതിന് ആവശ്യമായ തനതായ പ്രവർത്തനങ്ങൾ

❖ പദ്ധതിയുടെ ഭാഗമായി കുട്ടികൾക്ക് കൗശല പരിശീലനം നൽകുകയും കുട്ടികൾ ഇത്തരം കാര്യങ്ങളിൽ അനുഭവ പരിചയമുള്ളവരാവുകയും ചെയ്യുക

### പ്രവർത്തനങ്ങൾ

❖ കുട്ടികളിലെ സർഗ്ഗസൃഷ്ടിയുടെ ഭാഗമായുള്ള ശില്പങ്ങൾ രൂപങ്ങൾ എന്നിവ സ്കൂൾ കോമ്പൗണ്ടിൽ സ്ഥാപിക്കുക

❖ തുടർച്ചയായി അഞ്ചുതവണ ജില്ലാ യൂത്ത് ഫെസ്റ്റിവലിൽ അപ്രമാണം നിത്യം ഗാന്ധി ദർശനേ ഏഴ് വർഷത്തെ അജയ്യത എന്നിവയാണ് പ്രവർത്തന മികവുകൾ

❖ 2022ലെ സബ്ജില്ലാ യൂത്ത് ഫെസ്റ്റിവൽ വർക്ക് എക്സ്പീരിയൻസ് സോഷ്യൽ സയൻസ് മേളകളിൽ സ്വന്തം വ്യക്തിത്വം ഉറപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ

## വർണ്ണച്ചിറകുകൾ

### ലക്ഷ്യങ്ങൾ

❖ സ്കൂൾ ക്യാമ്പസ് ഭിന്നശേഷിക്കാർക്ക് കൂടി ഉള്ള ഇടമാക്കി മാറ്റുക

❖ കഴിഞ്ഞ വർഷങ്ങളിൽ സ്കൂളിൽ പഠിച്ച നാലു വിദ്യാർത്ഥികളുടെ

നേട്ടങ്ങൾകേരളംകണ്ടതാണ്

## ഭക്ഷണം

### ലക്ഷ്യങ്ങൾ

❖ ആവശ്യക്കാരായ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം

❖ കാൻറീൻ സൗകര്യം വിപുലപ്പെടുത്തൽ

❖ ഉച്ചഭക്ഷണ പദ്ധതിയെ മികച്ചതും വൈവിധ്യം ഉള്ളതും ആക്കൽ

### പ്രവർത്തനങ്ങൾ

❖ പ്രഭാത ഭക്ഷണത്തിന് വേണ്ട ചെലവ് പൊതുജനങ്ങളിൽ താല്പര്യമുള്ളവരിൽ നിന്നും അധ്യാപകരിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിച്ച് കുട്ടികൾക്ക് വിതരണം ചെയ്യുക

❖ സ്കൂൾ പച്ചക്കറിത്തോട്ടം കൂടി ഉപയോഗപ്പെടുത്തിയ പൂർണവും മികച്ചതുമായ ഉച്ചഭക്ഷണ പരിപാടി

❖ രാവിലെ മുതൽ വൈകുന്നേരം വരെ ഉള്ള ഇന്റർവെൽ സമയങ്ങളിൽ തുറന്നു പ്രവർത്തിപ്പിക്കാനായി രണ്ടു ജോലിക്കാരെ സ്ഥിരമായി നിർത്തുക

## ഗ്രീൻ ക്യാമ്പസ്

### ലക്ഷ്യങ്ങൾ

❖ 1996 ആരംഭിച്ച ഈ പദ്ധതി പാറപ്പുറത്ത് നിന്ന് പച്ചപ്പിലേക്ക് എന്ന പദ്ധതിയാണ് പൂന്തോട്ടം പച്ചക്കറിത്തോട്ടം ഔഷധത്തോട്ടം നക്ഷത്രഫലം മഴവെള്ള സംഭരണി എന്നിവ പദ്ധതിയിൽപ്പെടുന്നു

### പ്രവർത്തനങ്ങൾ

❖ സ്കൂളിലേക്ക് ആവശ്യമായ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്ന തരത്തിലേക്ക് പച്ചക്കറിത്തോട്ടത്തിന്റെ വികസനം

❖ കോട്ടക്കൽ ആര്യവൈദ്യശാലയുടെ സഹകരണത്തോടെ ഔഷധ നിർമ്മാണം ഇത് ഔഷധസസ്യങ്ങളെ എവിടെ കണ്ടാലും തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നു

## എക്സലൻസ് കായിക പരിശീലനം

**ലക്ഷ്യങ്ങൾ**

❖ വിദ്യാലയത്തിലെയും സമീപവിദ്യാലയങ്ങളിലെയും സമൂഹത്തിലെ തന്നെയും ആളുകൾക്ക് ഉപകാര സ്കൂൾ ഗ്രൗണ്ട് സ്പോർട്സ് ഉപകരണങ്ങൾ എന്നിവയുടെ വിനിയോഗം

**പ്രവർത്തനങ്ങൾ**

❖ സമീപപ്രദേശങ്ങളിലെ യുപി സ്കൂളുകളിലെ കുട്ടികളെ ഉൾപ്പെടുത്തി വോളിബോൾ ഫുട്ബോൾ മത്സരങ്ങൾ

❖ സൈക്കിൾ ക്ലബ്ബ് 75% വിദ്യാർത്ഥികളെയും സൈക്കിൾ പഠിപ്പിക്കുവാനുള്ള തീരുമാനം

❖ കരാട്ടെ പരിശീലനം തെണ്ട പരിശീലനം എന്നിവയെല്ലാം ഈ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു

## പീപ്പിൾ ടു പീപ്പിൾ

**വിദ്യാർത്ഥികളെ സമൂഹവുമായി അടുപ്പിക്കുന്ന പരിപാടി**

**ലക്ഷ്യങ്ങൾ**

❖ സ്കൂളിൻറെ സമീപപ്രദേശങ്ങളിലും വഴിയോരങ്ങളിലും വൃക്ഷത്തൈകൾ നടുക

❖ അത്യാവശ്യമായ കുട്ടികൾക്ക് വീട് നിർമ്മിച്ചു നൽകുക

**പ്രവർത്തനങ്ങൾ**

❖ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കോട്ടയിലും സ്കൂളിൻറെ സൈഡിലെ റോഡരികകളിലും വൃക്ഷത്തൈ നട്ടു പരിപാലിക്കൽ

❖ എൻഎസ്എസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വിവിധ പരിപാടികൾ

❖ കാലിക്കറ്റ് യൂണിവേഴ്സിറ്റി യുമായി സഹകരിച്ച് ആത്മഹത്യയെക്കുറിച്ച് നടത്തിയ സർവ്വേ

❖ നാടകങ്ങൾ മനുഷ്യച്ചങ്ങല സൈക്കിൾറാലിമുതലായവ

## ക്ലാസ് റൂം മാനേജ്മെൻറ് അച്ചടക്കം

**ലക്ഷ്യങ്ങൾ**

❖ കുട്ടികളുടെ പക്ഷത്ത് നിറയുറപ്പിച്ച് ക്ലാസ് മുറി മാനേജ്മെൻറ് അച്ചടക്കം നടപ്പാക്കും

❖ വലിയ വിദ്യാലയം എന്ന നിലയിൽ വിങ്ങുകൾ പ്രത്യേക ചുമതലകൾ നിശ്ചയിച്ച് അച്ചടക്കം ഉറപ്പാക്കുക ക്ലാസ് മുറികൾ കുട്ടികൾക്കുള്ള ചുമതല നൽക

❖ കുട്ടികൾ ക്യാമ്പസിന് പുറത്തുപോകുന്നത് തടയാൻ ക്രമീകരണങ്ങൾ വരുത്തുക

**പ്രവർത്തനങ്ങൾ**

❖ അച്ചടക്കവും മാനേജ്മെൻറ് വിഷയത്തിൽ സവിശേഷ ശ്രദ്ധ നൽകാൻ ജൂണിൽ പ്രത്യേക ഗ്രൂപ്പുകളുടെ യോഗങ്ങൾ

❖ ഓരോ ബ്ലോക്കുകൾക്കും ഓരോ വിഷയത്തിൽ ടീം ടീച്ചേഴ്സ് ചുമതല

❖ ക്ലാസ് റൂം ക്യാബിനറ്റ്

❖ ഫർണിച്ചർ അച്ചടക്കം കലാകായികം ശുചിത്വം ഫണ്ട് എന്നിവയുടെ ചുമതലകൾ കുട്ടികൾക്ക് നൽകി ജനാധിപത്യം ഉറപ്പിക്കുക

❖ സ്കൂൾ ക്യാമ്പസിന് പുറത്തു പോകാൻ സംവിധാനം

## ലൈബ്രറി

**ലക്ഷ്യങ്ങൾ**

❖ സ്കൂൾ കുട്ടികളോടൊപ്പം തന്നെ സമൂഹത്തിന് ഉപയോഗപ്രദമായ രീതിയിൽ ലൈബ്രറിയുടെ പ്രവർത്തനം മാറ്റിയെടുക്കുക

**പ്രവർത്തനം**

❖ ഒന്നാംഘട്ടം എന്ന നിലയിൽ 89 10 11 12 ക്ലാസുകളിലെ വിദ്യാർത്ഥികളുടെ അമ്മമാർ പുസ്തകങ്ങൾ വിതരണം ചെയ്യുക

❖ എഴുതുന്ന വായനക്കുറിപ്പുകളിലെ മത്സരം സംഘടിപ്പിക്കൽ

❖ രക്ഷിതാക്കളുടെ വായനക്കുറിപ്പുകൾ അധ്യാപകർക്കും കുട്ടികൾക്കും സാധ്യമായ രീതിയിൽ വായനയ്ക്ക് ലഭ്യമാക്കുക

## വിമുക്തി

### ലക്ഷ്യങ്ങൾ

❖ ഇപ്പോൾ ക്യാമ്പസ് ലഹരി വിമുക്തമാക്കുക

❖ ലഹരിയുടെ സ്വാധീന വലയത്തിൽപ്പെട്ട കുട്ടികളെ അതിൽ നിന്നും പിന്തിരിപ്പിക്കുക

❖ ലഹരി വിമുക്ത സന്ദേശങ്ങളുടെ പ്രചരണം

❖ ബോധവൽക്കരണം

### പ്രവർത്തനങ്ങൾ

❖ കുട്ടികൾക്കിടയിൽ ജൂൺ ജൂലൈ മാസങ്ങളിൽ നിരന്തരം ബോധവൽക്കരണം നടത്തുക

❖ ക്ലാസ് പിടി രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തും

❖ ലഹരി വിരുദ്ധ പോസ്റ്റർ

❖ ആഗസ്റ്റ് 15ന് സ്വതന്ത്രരാവാം പോസ്റ്റർ രാജൻ ക്യാമ്പയിൻ നടത്തും

❖ വിവിധ ക്യാമ്പയിനുകൾസംഘടിപ്പിക്കും

# BIOLOGY

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ജീവശാസ്ത്രം | പ്രവേശനോത്സവം. | May - June | എല്ലാ അധ്യാപകരും | PTA<br>Management<br>Staff | |
| 2 | ജീവശാസ്ത്രം | പരിസ്ഥിതിദിനം .<br>സ്കൂളിലെ മുഴുവൻ കുട്ടികൾക്കും വൃക്ഷതൈകൾ നൽകുന്നു. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി തൈ , വിത്ത് വിതരണം എന്നിവനടത്തുന്നു. | June | SPC<br>പരിസ്ഥിതി ക്ലബ്ബ് | PTA<br>Staff | |
| 3 | ജീവശാസ്ത്രം | മഴക്കാല ശുചീകരണം<br>മഴക്കാല രോഗങ്ങൾ -<br>ബോധവൽകരണക്ലാസ് | July | ഹെൽത്ത് ക്ലബ്ബ് | PTA<br>Staff | |
| 4 | ജീവശാസ്ത്രം | ജൈവമാലിന്യവും അജൈവ മാലിന്യവും വേർതിരിച്ചറിയൽ - വലിച്ചെറിയൽതടയൽ | August | എല്ലാ ശാസ്ത്ര അധ്യാപകരും | PTA<br>Staff<br>Noon Feeding Committee | |

| | | | | | | |
|---|---|---|---|---|---|---|
| 5 | ജീവശാസ്ത്രം | കുട്ടികളിൽ ശാസ്ത്രബോധം. അതായത് അറിയാനും , കണ്ടെത്തുവാനും, നിരീക്ഷിക്കുവാനുമെല്ലാമുള്ള പാടവം വളർത്തുന്നതിനായി ശാസ്ത്ര സാങ്കേതിക വിദഗ്ദരെ ഉൾപ്പെടുത്തിയുള്ള ക്ലാസുകൾസംഘടിപ്പിക്കുക. | September | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് | Staff<br>PTA | |
| 6 | ജീവശാസ്ത്രം | NMMS പരീക്ഷക്കായി കുട്ടികളെ പ്രാപ്തരാക്കുക. സ്കൂളിലെ ശാസ്ത്ര അധ്യാപകരുടെ കൂടെ തന്നെ ജീവശാസ്ത്ര അധ്യാപകരും മികച്ച രീതിയിൽപങ്കാളികളാവുക. | October | ശാസ്ത്ര അധ്യാപകർ | Staff<br>PTA | |
| 7 | ജീവശാസ്ത്രം | ശാസ്ത്രമേളക്കായി കുട്ടികളെ പ്രാപ്തരാക്കുക | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | Staff<br>PTA<br>Management | |
| 8 | ജീവശാസ്ത്രം | പഠനയാത്ര - ജീവശാസ്ത്രവുമായി ബന്ധപ്പെട്ട | അക്കാദമിക വർഷം | ജീവശാസ്ത്ര അധ്യാപകർ | Staff<br>PTA | |
| 9 | ജീവശാസ്ത്രം | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട ഒരു വർഷത്തെ എല്ലാ കുട്ടികടെ എല്ലാ നിർമ്മിതികളും, ശേഖരണങ്ങളും പ്രദർശിപ്പിക്കുക. | അക്കാദമിക വർഷം | SPC<br>വിവിധ ശാസ്ത്ര ക്ലബ്ബുകൾ | Staff<br>PTA | |

# PHYSICS

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്രമാസിക തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉൾപ്പെടുത്തി ശാസ്ത്ര മാസികതയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | സയൻസ് അധ്യാപകർ | Staff |
| 2 | ശാസ്ത്രലാബ് നവീകരണം | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകംസജ്ജീകരിക്കൽ | ജൂൺ മുതൽ ഒരു മാസം | സയൻസ് അധ്യാപകർ | Staff & PTA |
| 3 | ശാസ്ത്രമേളകളിൽ പൂർണപങ്കാളിത്തം ഉറപ്പ് വരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനംനൽകൽ | 3 മാസം | സയൻസ് അധ്യാപകർ | Staff & PTA |
| 4 | കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | 1 ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള അവതരണം<br>2 ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം<br>3 സ്കൂൾ തലസയൻസ് എക്സിബിഷൻ | ക്ലാസിൽ അധ്യാപകർ അവതരിപ്പിക്കുന്നു<br>ആവശ്യമുള്ള സന്ദർഭങ്ങളിൽ<br>വർഷത്തിൽ ഒരു തവണ | സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ് | PTA |
| 5 | കുട്ടികളിൽ അന്വേഷണബുദ്ധി വളർത്തൽ | പുത്തൻ കണ്ടെത്തലുകളെ കുറിച്ച് ക്ലാസുകളിൽ അവതരിപ്പിക്കുക<br><br>വിവിധ തലങ്ങളിൽ കുട്ടികളെ സെമിനാറുകളിൽപങ്കെടുപ്പിക്കൽ | അക്കാദമികവർഷം | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ് | PTA |

# CHEMISTRY

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ നടത്തൽ, മോഡലുകൾ നിർമ്മിക്കൽ, പ്രോജക്ടുകൾ അവതരിപ്പിക്കൽ എന്നിവയിലൂടെ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA & Staff Council |
| 2 | PTA & Inspire Award എന്നിവക്കായ് താത്പര്യമുള്ള കുട്ടികളെഒരുക്കുക | ഐഡിയ കോമ്പറ്റീഷൻ നടത്തി കുട്ടികളിൽ നിന്ന് ആശയങ്ങൾ സ്വീകരിക്കുക | ജൂൺ - നവംബർ | സയൻസ് അധ്യാപകർ | PTA & Staff Council |
| 3 | ശാസ്ത്രസാങ്കേതിക വിദ്യകൾ മനുഷ്യർക്ക് ഉപയോഗപ്രദമായ രീതിയിൽ ഉപയോഗിക്കാൻ പ്രാപ്തരാക്കുക | ശാസ്ത്ര സാങ്കേതിക വിദഗ്ദർ നൽകുന്ന പരിശീലനം | ജൂൺ - നവംബർ | സയൻസ് അധ്യാപകർ | PTA & Staff Council |
| 4 | മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം സയൻസ് ലാബിന്റെ ആധുനികവത്കരണവും പരിപാലനവും | ജൂൺ - നവംബർ | സയൻസ് അധ്യാപകർ | PTA & Staff Council |
| 5 | അന്വേഷണബുദ്ധി വർദ്ധിപ്പിച്ച് സമ്പൂർണ്ണ അറിവ് കൈവരിക്കുക | പുത്തൻ കണ്ടെത്തലുകളും സാങ്കേതികവിദ്യയും പ്രോത്സാഹിപ്പിക്കുക<br>സംസ്ഥാന ദേശീയ തലത്തിലുള്ള സെമിനാറുകളിൽ പങ്കെടുപ്പിക്കുക | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA & Staff Council |
| 6 | നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയുംചെയ്യുന്നു. | സെമിനാർ പേപ്പറുകൾ അവതരിപ്പിക്കുക<br>ശില്പശാലകൾ സംഘടിപ്പിക്കുക<br>വർഷത്തിൽ ഒരു തവണ കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കുക | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA & Staff Council |

# MATHEMATICS

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിതത്തിൽ താല്പര്യം ഉണ്ടാക്കുന്നതിനു വേണ്ടി ക്ലാസുകൾ രസകരമാക്കുകയും ലളിതമാക്കുകയും ചെയ്യുന്നതിനുള്ളപ്രവർത്തനങ്ങൾ | **Field Trip** കൾ സംഘടിപ്പിക്കുക ഗണിത മാഗസിൻ | അക്കാദമിക വർഷം | മാത്സ് അധ്യാപകർ | **PTA &**<br>**Staff Council** |
| 2 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി തുടർ പ്രവർത്തനംനൽകുക | **Peer tutoring** | ജൂൺ - നവംബർ | മാത്സ് അധ്യാപകർ | **PTA &**<br>**Staff Council** |
| 3 | മത്സര പരീക്ഷയിൽ ഗണിതത്തിൽ ഉയർന്ന വിജയം നേടാൻ പ്രാപ്തരാക്കുക | ഗണിത ക്വിസ് മത്സരം നടത്തുക | അക്കാദമിക വർഷം | മാത്സ് അധ്യാപകർ | **PTA &**<br>**Staff Council** |
| 4 | ഗിഫ്റ്റഡ് സ്റ്റുഡന്റ്സ് നെ കണ്ടെത്തി ഗണിതത്തിൽ പ്രത്യേക പരിശീലനംനൽകുക | **Maths talent /** ഗണിതശാസ്ത്രമേള സംഘടിപ്പിക്കുക | അക്കാദമിക വർഷം | മാത്സ് അധ്യാപകർ | **PTA &**<br>**Staff Council** |
| 5 | ഗണിതാശയങ്ങൾ **geogebra** യിലൂടെ കുട്ടികൾക്ക് കൂടുതൽ വ്യക്തമാക്കുന്ന തിനുള്ളപ്രവർത്തനം | **projector ,** മോഡലുകൾ എന്നിവയിലൂടെ അവതരിപ്പിക്കൽ | അക്കാദമിക വർഷം | മാത്സ് അധ്യാപകർ | **PTA &**<br>**Staff Council** |
| 6 | **SSLC** പരീക്ഷയിൽ ഗണിതത്തിൽ **100%** വിജയം ഉറപ്പാക്കുക | ഗണിതശാസ്ത്ര വിദഗ്ദർ നൽകുന്ന പരിശീലനം **Peer Tutoring** | അക്കാദമിക വർഷം | മാത്സ് അധ്യാപകർ | **PTA &**<br>**Staff Council** |

# WORK EXPERIENCE

| ക്രമ നമ്പർ | പ്രവർത്തനം | മേഖല | കാലയളവ് | ലക്ഷ്യങ്ങൾ | ചിലവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | പൂന്തോട്ട നിർമ്മാണം | കൃഷി | ജൂൺ ജൂലൈ ആഗസ്റ്റ് | പൂക്കളുടെ മൂല്യവർദ്ധനവിന്റെ ആവശ്യകത / പ്രാധാന്യം. | 2000 | നിർമ്മാണത്തി നാവശ്യമായ സാധന സാമഗ്രികൾ | PTA, HM, MAN-AGEMENT, WIE TEACHER |
| 2 | ക്യാരിബാഗ് നിർമ്മാണം | സേവനം | ആഗസ്റ്റ് to മാർച്ച് | പ്ലാസ്റ്റിക്കിന് എതിരെയുള്ള പരിസ്ഥിതിസംരക്ഷണം | 2000 | നിർമ്മാണത്തി നാവശ്യമായ സാധന സാമഗ്രികൾ | PTA, HM, MAN-AGEMENT, WIE TEACHER |
| 3 | വീഡിയോ ഡോക്യുമെന്റേഷൻ (കലാമേളി | | ഒക്ടോബർ | ഇലക്ട്രോണിക് രീതിയിൽ പ്രമാണങ്ങൾ സൃഷ്ടിക്കുന്നതിനും സംഭരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള ളകഴിവു നേടുന്നു | 2000 | നിർമ്മാണത്തി നാവശ്യമായ സാധന സാമഗ്രികൾ | HM, WIE TEACHER, SITC |
| 4 | ക്രിസ്തുമസ് കാർഡ്, സ്റ്റാർ, പൂക്കൾ, ന്യൂ ഇയർകാർഡ്. | വിനോദം | ഡിസംബർ , ജനുവരി | ആഘോഷ വേളകൾ അലങ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | 1000 | നിർമ്മാണത്തി നാവശ്യമായ സാധന സാമഗ്രികൾ | HM, WIE TEACHER, OLD STUDENTS |

# SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്ര ബോധത്തിൽ നിന്നും ഭാവിരൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് വീൽ ടിപ്പുകൾ സംഘടിപ്പിക്കുന്നു | നിശ്ചയിച്ച തീയതികളിൽ അക്കാദമിഘോഷം 2025 26 ജൂൺനവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾസ്റ്റാഫ് കൗൺസിൽ |
| ജാതിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക പൗരബോധം മൂല്യബോധം ഇവ വളർത്തുക | സ്കൂൾ പാർലമെൻറ് ഭരണഘടന പതിപ്പ് തയ്യാറാക്കൽ പൗരബോധം സാമൂഹ്യബോധം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങൾ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾസ്റ്റാഫ് കൗൺസിൽ |
| ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലം നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു അറ്റ്ലസ് നിർമ്മാണം | വർഷംമുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾസ്റ്റാഫ് കൗൺസിൽ |

# URDU

| ലക്ഷ്യം ഉദ്ദേശം | പ്രക്രിയ | കാലയളവ് | നിർവഹണം | സാമ്പത്തികം | ഡോക്യുമെന്റേഷൻ | പ്രചരണം | മോണിറ്ററിങ് |
|---|---|---|---|---|---|---|---|
| വായനയും ഉച്ചാരണം മെച്ചപ്പെടുത്താൻ ബാല മാസികകൾ ഉറുദുപത്രങ്ങൾ ഉറുദു വായന കാർഡുകൾ | വായന മെച്ചപ്പെടുത്താൻ ആവശ്യമായ സാമഗ്രികൾ ലഭ്യമാക്കൽ | മൂന്നുമാസം ജൂൺ മുതൽ ആഗസ്റ്റ് വരെ | ടീച്ചർ എച്ച് എം പിടിഎ | ഭാഷാ സ്നേഹികൾ പൂർവ്വ വിദ്യാർത്ഥികൾ | ഉറുദു ടീച്ചർ | ടീച്ചർ | ടീച്ചർ എച്ച് എംപിടിഎ |
| ഉറുദു എഴുത്ത് മെച്ചപ്പെടുത്തൽ നോട്ടീസ് ബോർഡ് പോസ്റ്റർ | ആ ദിവസത്തിലെ പ്രധാന വാർത്തകൾ കുട്ടികൾ എഴുതി പ്രദർശിപ്പിക്കുന്നു വിശേഷദിനങ്ങളിൽ പോസ്റ്ററുകൾ തയ്യാറാക്കുന്നു | സെപ്റ്റംബർ മുതൽ നവംബർ വരെ | ടീച്ചർ എച്ച് എം പിടിഎ | ടീച്ചർ എച്ച് എംപിടിഎ | ഉറുദു ടീച്ചർ | ടീച്ചർ | ടീച്ചർ എച്ച് എംപിടിഎ |
| കുട്ടികളുടെ സർഗാത്മക കഴിവ് കരിഘോഷിപ്പിക്കാൻ സംഗീതം സാങ്കേതികവിദ്യ പരിജ്ഞാനം ചുമർചിത്രങ്ങൾ കാലിഗ്രാഫി ഡിജിറ്റൽ ഉൽപ്പന്നങ്ങൾ | കവിത ആലാപനം ഭിന്നശേഷി കുട്ടികൾക്ക് വേണ്ടി കഥാരചന കാലത്തു തുടങ്ങിയവ ലഭ്യമാക്കുന്നു | ഡിസംബർ മുതൽ ഫെബ്രുവരിവരെ | ടീച്ചർ എച്ച് എം പിടിഎ | ടീച്ചർ എച്ച് എംപിടിഎ | ഉറുദു ടീച്ചർ | ഭാഷാ സ്നേഹികൾ പൂർവ്വ വിദ്യാർത്ഥികൾ | ടീച്ചർ എച്ച് എംപിടിഎ |

ARABIC

| ലക്ഷ്യം | പ്രവർത്തനം | സമയം /കാലം | ഭൗതികം | പിന്തുണ / സഹായം |
|---|---|---|---|---|
| ഒപ്പം<br>പഠനപിന്തുണ ആവശ്യമുള്ള വിദ്ധാർത്ഥികളെ കണ്ടെത്തി ആവശ്യമായ പരിഹാരബോധനംനൽകുക. | മുഴുവൻ വിദ്യാർത്ഥികളെയും വായിപ്പിക്കുകയും പ്രയാസമുള്ളവരെ കണ്ടെത്തുകയും ചെയ്യുക<br>പ്രാഥമിക എഴുത്തു പരീക്ഷ നടത്തി പ്രയാസമുള്ളവരെ കണ്ടെത്തുക<br>തിരഞ്ഞെടുത്ത വിളാർത്ഥികൾക്ക് രാവിലെയും വൈകുന്നേരവുമായി പ്രത്യേകപരിശീലനം | ജൂൺ ഓഗസ്റ്റ് | ടെക്സ്റ്റ് ബുക്ക് ലൈബ്രറി ബുക്ക് | അധ്യാപകർ സഹപാഠികൾ രക്ഷിതാക്കൾ |
| കേൾക്കാം ആസ്വദിക്കാം<br>ഭാഷ കേൾക്കാൻ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുക | അറമ്പിക് ന്യൂസ് കേൾക്കാനുള്ളഅവസരം<br>അറബിക്ക കമന്ററികൾ കേൾക്കുവാനുള്ളഅവസരം<br>കഥ കവിത നാടകം കേൾക്കാൻ അവസരം | ജൂൺ നവംബർ | ക്ലാസ് റൂം പ്രൊജക്റ്റർ മൾട്ടിമീഡിയ തീയേറ്റർ ലാപ്ടോപ്പ് മൊബൈൽഫോൺ | അധ്യാപകർ സഹപാഠികൾ രക്ഷിതാക്കൾ ഭാഷാവിദഗ്ധർ |
| പറയാം സംസാരിക്കാം അറബി ഭാഷ സംസാരിക്കാൻ കുട്ടികളെ പര്യാപ്തമാക്കുക | ക്ലാസ് റൂമിലെ ആശയവിനിമയം അറബിയിൽ നിർവഹിക്കുക<br>അറബി നാടകം സംഭാഷണം ഡോക്യുമെൻററി എന്നിവയുടെ പ്രദർശനം | തുടർ പ്രവർത്തനം | മൾട്ടിമീഡിയ തീയേറ്റർ സ്കൂൾ ലൈബ്രറി | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ |
| വായനയുടെ ലോകം<br>വിദ്യാർത്ഥികളെ സ്ഫുടമായി വായിക്കാൻ പ്രാപ്തരാക്കുക | വായന മത്സരം നടത്തുക<br>വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പിയർ ഗ്രൂപ്പ് ടീച്ചിംഗ് നൽകൽ അറബിക് ലൈബ്രറി ആരംഭിക്കുക വായിച്ച പുസ്തകങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക | തുടർ പ്രവർത്തനം | എൽ പി യുപി അറബിക് ടെക്സ്റ്റ് ബുക്കുകൾ അറബിക് ലൈബ്രറിക്ലാസ് ലൈബ്രറി | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ സഹപാഠികൾ രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| എഴുത്തും വരെയും എഴുതാനും വായിക്കാനും കഴിവും താല്പര്യവുമുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുക | ക്ലാസ് കൈയെഴുത്ത് മാഗസിനുകൾ തയ്യാറാക്കുക കാലിഗ്രാഫി പരിശീലനംപ്രദർശനം | ജൂൺ നവംബർ | സ്കൂൾ ലൈബ്രറി<br>ക്ലാസ് ലൈബ്രറി | അധ്യാപകർ പൂർവ്വ വിദ്യാർത്ഥികൾ സഹപാഠികൾ രക്ഷിതാക്കൾ |
| ആസ്വാദനം അറബിക് നാടകം സിനിമ ഡോക്യുമെൻററി തുടങ്ങിയവ കാണാനുള്ള അവസരം ഒരുക്കുക | ക്ലാസ് റൂം തലത്തിലും സ്കൂൾതലത്തിലും ലളിതവും മനോഹരവുമായ വീഡിയോ പ്രദർശനം | തുടർ പ്രവർത്തനം | ക്ലാസ് റൂം മൾട്ടിമീഡിയ തീയേറ്റർ | അധ്യാപകർ സഹപാഠികൾ |
| ദിനാചരണങ്ങൾ<br>ദിനാചരണങ്ങളുടെ സന്ദേശങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക | വിവിധ മത്സരങ്ങൾ<br>സെമിനാറുകൾ | തുടർ പ്രവർത്തനം | ക്ലാസ് റൂം ഓപ്പൺ ഓഡിറ്റോറിയം | അധ്യാപകർ സഹപാഠികൾ പൂർവാധ്യാപകർ |
| മികവ് കലാമേളകൾക്ക് വിദ്യാർത്ഥികളെപ്രാപ്തരാക്കുക | കലാമേളകളുടെ മത്സര ഇനങ്ങളായി വരുന്നവ വിവിധ സമയങ്ങളിലായി മത്സരങ്ങൾ സംഘടിപ്പിച്ച മികവുള്ളവരെ കണ്ടെത്തിപരിശീലനംനൽകുക | ജൂൺ ഡിസംബർ | ക്ലാസ് റൂം മൾട്ടിമീഡിയ തീയേറ്റർ<br>ഓപ്പൺ ഓഡിറ്റോറിയം | അധ്യാപകർ സഹപാഠികൾ പൂർവാധ്യാപകർ രക്ഷിതാക്കൾ പൂർവ്വ വിദ്യാർത്ഥികൾ കലോത്സവപ്രതിഭകൾ |

# ENGLISH

| AIM | ACTIVITIES | TIME | DUTIES | FUND |
|---|---|---|---|---|
| To develop confidence in speaking English | Spoken English class<br>English class Library<br>English story corner<br>English comic strips<br>English Assembly | Along with classroom Activities | PTA, Teachers | PTA, Management |
| Give chance to develop creative skills in English | Cinema and documentary-screening out English films to practice profile and script making<br>Roleplay, English day celebration, seminar discussions, preparation of skit and drama. | Along with classroom Activities<br>Academic year | Teacher, SRG<br>English teacher | Management<br>PTA, Management, English club |
| Developing self reaing and writing skills | School English voice, letter card, word cards, sentence making cards. Short story writing, public speaking, simple games. english newspaper reading, news paper report making, Diary, news reading in Assembly, news reading competition. | Along with classroom Activities. | PTA, SRG, Teachers | English club |
| Dramatisation | Skit, puppet show, English lab, drama. Finding out areas from chapters to conduct puppet show, skit, story telling. | Classroom Activities<br>Saturdays, Camps | PTA, SRG, Teachers<br>English club | PTA<br>Parents |
| Poem recitation and poem writing | Provide occations to hear English songs, Audios.<br>Poem writing competitions, recitations and essay writing competitions are conducted | Classroom Activities<br>Saturdays, Camps | PTA, SRG, Teachers<br>SRG, Teachers | English club<br>English club |

| | | | | |
|---|---|---|---|---|
| | Book reviews, Exhibition of various writings (Magazines) | Two times in a year | English Teachers | Management, PTA |
| Usage of ICT Technologies in English teaching learning process. | English fest, English film viewing | yearly once | English club | SRG, PTA, Management |
| Debate competitions should be conducted | Arrange occasions to spend time with native speakers | yearly twice | Teachers, SRG, PTA | PTA, English club |

# PHYSICAL EDUCATION

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തനത്തിന്റെ ലക്ഷ്യം | പ്രവർത്തനം വിശദീകരണം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| പ്രഥമ ശുശ്രൂഷ, റോഡ് സുരക്ഷ | ദൈനംദിന ജീവിതത്തിലും കായിക പ്രവർത്തനങ്ങളിൽ സംഭവിക്കാവുന്ന അത്യാഹിതങ്ങളെക്കുറിച്ചും പ്രഥമ ശുശ്രൂഷയെ കുറിച്ചും അറിവ് നൽകുക | പ്രഥമ ശുശ്രൂഷയെ കുറിച്ച് സ്പോർട്സ് ഇഞ്ചുറി സ്പോർട്സ് മെഡിസിൻ സ്പെഷ്യലൈസ് ചെയ്ത വിദഗ്ധരെ ഉപയോഗിച്ച് ക്ലാസ് നടത്തുക<br>ഫയർ സ്റ്റേഷന്റെ സഹായത്തോടെ സംഘടിപ്പിക്കുക<br>മോട്ടോർ വകുപ്പിന്റെ സഹായത്തോടെ റോഡ് സുരക്ഷാ ക്ലാസ് സംഘടിപ്പിക്കുക<br>കറുപ്പ് ഡ്രിൽ പരിശീലനം നൽകുക | ഡിസംബർ - ജനുവരി | കായികവിഭാഗം | പി.ടി.എ |
| ഏറോബിക്സ്, യോഗ , കരാട്ടെ, തൈക്കോണ്ടോ ക്ലാസുകൾ | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയ ശ്വസന ക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്വയം പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും സമ്മർദ്ദം പിരിമുറുക്കം എന്നിവ കുറയ്ക്കുന്നതിനും | ഹൃദയ ശ്വസന ക്ഷമത വർധിപ്പിക്കുന്നതിനും സമ്മർദ്ദം പിരിമുറുക്കം എന്നിവ കുറയ്ക്കുന്നതിനും ഏറോബിക്സ്, യോഗ തുടങ്ങിയവ രാവിലെയോ വൈകുന്നേരവും ഹാളിൽ ചെയ്യുക<br><br>സ്വയം പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും കരാട്ടെ തൈക്കൊണ്ടോ ക്ലാസ്സുകൾ സംഘടിപ്പിക്കുക | ജനുവരി - ഫെബ്രുവരി | സ്പോർട്സ് ക്ലബ്ബ് | പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ, സ്പോൺസർമാർ |
| വിജയോത്സവം | വിവിധ തലങ്ങളിൽ വിജയികളായ വർക്കും അല്ലാത്തവർക്കും ആത്മവിശ്വാസം വർധിപ്പിക്കുക പിന്തുണ ഉറപ്പാക്കുക | സബ്ജില്ലാ ജില്ല സംസ്ഥാന കായിക മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച വിജയികളായവർക്ക് സ്വീകരണവും അഭിനന്ദനവും പ്രമുഖരുടെ സാന്നിധ്യത്തിൽ സംഘടിപ്പിക്കുക | ഫെബ്രുവരി - മാർച്ച് | വിദ്യാലയ വികസന സമിതി പിടിഎ | വിദ്യാലയ വികസന സമിതി, പിടിഎ, സ്പോൺസർമാർ |